# പതിനാലാം കേരള നിയമസഭ
## (പതിനാറാം സമ്മേളനം)

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:3249 07.11.2019-ൽ മറുപടിയ്ക്ക്**

**താമരക്കുളം, മാങ്കാംകുഴി, പുതിയകാപ്പ് മാർക്കറ്റുകളുടെ നവീകരണം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ആർ. രാജേഷ് | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ (മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) മാവേലിക്കര മണ്ഡലത്തിലെ താമരക്കുളം, മാങ്കാംകുഴി, പുതിയകാപ്പ് എന്നീ മാർക്കറ്റുകളുടെ നവീകരണത്തിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | എ) മാവേലിക്കര മണ്ഡലത്തിലെ മാങ്ങാംകുഴി മത്സ്യമാർക്കറ്റ്, പുതിയകാവ് മത്സ്യമാർക്കറ്റ്, താമരക്കുളം മത്സ്യമാർക്കറ്റ് എന്നിവ കിഫ്ബി ഫണ്ട് വിനിയോഗിച്ച് നവീകരിക്കുന്നതിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പ്രസ്തുത മാർക്കറ്റുകൾ നവീകരിക്കുന്നതിനായി സ്ഥലം സന്ദർശിച്ച് എസ്റ്റിമേറ്റുകൾ, പ്ലാൻ, ഡി.പി.ആർ എന്നിവ തയ്യാറാക്കി വരുന്നു. കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് വർക്ക് ടെണ്ടർ ചെയ്ത് പ്രവൃത്തി ആരംഭിക്കുന്നതാണ്. പുതിയ കാപ്പ് എന്ന മത്സ്യമാർക്കറ്റ് നിർമ്മാണം നടപ്പിലാക്കുന്നില്ല. |
| ബി) പ്രധാന മാർക്കറ്റുകൾക്ക് ഫണ്ട് അനുവദിക്കുന്നതിനും കിഫ്ബിയുടെ അനുമതിക്കുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;<br><br>സി) പ്രസ്തുത നിർമ്മാണം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വ്യക്തമാക്കാമോ? | ബി) & സി) സംസ്ഥാനത്തെ തെരഞ്ഞെടുത്ത 60 മത്സ്യമാർക്കറ്റുകളുടെ നവീകരണത്തിനായി ഓരോ മത്സ്യമാർക്കറ്റിലും പ്രാഥമിക പഠനം നടത്തി ആവശ്യകതകളറിഞ്ഞ് റഫ് കോസ്റ്റ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. ഇതിൻ പ്രകാരം 60 മത്സ്യമാർക്കറ്റുകൾ നവീകരിക്കുന്നതിനുള്ള ഒരു പൊതു കൺസപ്റ്റ് റിപ്പോർട്ടിന് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |

**സെക്ഷൻ ആഫീസർ**